# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 551 — 27.03.2018-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ.അൻവർ സാദത്ത്** | | **ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | 2017-18 ലെ വാർഷിക പദ്ധതിയുടെ 25 ശതമാനം തുക ഓരോ പാദത്തിലും ചെലവഴിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നോ; പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2017-18 വാർഷിക പദ്ധതിയിൽ ഓരോ ത്രൈമാസത്തിലും 25 ശതമാനം ബഡ്ജറ്റ് തുക ചെലവഴിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. 2017-2018 വാർഷിക പദ്ധതിയിൽ മുൻ വർഷത്തെ അപേക്ഷിച്ച് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി നിലവിൽ വന്ന സമയത്ത് കരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിച്ചതും മരാമത്ത് പണികൾ നിറുത്തിവച്ചതും, ട്രഷറികളിലെ ബിൽ പെൻഡിംഗും, മരാമത്ത് പണികൾക്കാവശ്യമായ സാധനസാമഗ്രികളുടെ ലഭ്യതക്കുറവും, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവും പ്രതീക്ഷിച്ചിരുന്ന പദ്ധതി പുരോഗതിയെ ബാധിച്ചിട്ടുള്ള കാരണങ്ങളാണ്. എന്നാൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ഉയർന്നിട്ടുണ്ട്. |
| (ബി) | ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷത്തെ പദ്ധതികളും പ്രോജക്റ്റുകളും | (ബി) | ഉണ്ട്. ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം തദ്ദേശ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിയും |

| | | | |
|---|---|---|---|
| | തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | | പ്രോജക്ടുകളും തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ പരമാവധി ജനപങ്കാളിത്തത്തോടെ ജില്ലാ പദ്ധതികൾ തയ്യാറാക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. വിശദമായ കൂടിയാലോചനയുടേയും വിവിധ തലങ്ങളിൽ നടന്ന ചർച്ചയുടേയും അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതികൾ കരട് ജില്ലാ പദ്ധതി തയ്യാറാക്കുകയും തുടർന്ന് ജില്ലാതലത്തിൽ വിദഗ്ധരുടേയും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും മുമ്പാകെ അവതരിപ്പിച്ച് അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തിരുന്നു. കരട് രേഖ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുത്ത് അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ പരമാവധി പങ്കാളിത്തത്തോടെയാണ് കരട് ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ